(ബി) ഇല്ല.

(സി) സന്ദർശനാനന്തരം ബ്ലോക്കുകളിൽ അസ്വസ്ഥതയുണ്ടായിട്ടില്ല. അഹാല യളവിൽ ബ്ലോക്കുകളോ, അതിനടുത്തുള്ള സ്റ്റോറുകളോ പരിശോധിക്കുകയോ, മാരകായുധങ്ങൾ മുതലായവ കണ്ടെടുക്കുകയോ ഉണ്ടായിട്ടില്ല.

(ഡി) 4-6-2005-ന് ബഹു. നിയമസഭാ സാമാജികനായ ശ്രീ. എം. വി. ജയരാജൻ മറ്റു ചിലരുമായി കണ്ണൂർ സെൻട്രൽ ജയിലിനകത്തുപോയി തടവുകാരെ സന്ദർശിച്ചിരുന്നു. വേറെ രാഷ്ട്രീയ നേതാക്കളാരും ബ്ലോക്കുകൾ സന്ദർശിച്ചിട്ടില്ല.

ഉദ്യോഗസ്ഥന്മാരിലെ ക്രിമിനലുകൾ

102. [102] ശ്രീ. എ. എ. അസീസ്:
,, കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജയിൽ ഉദ്യോഗസ്ഥന്മാരിൽ ക്രിമിനലുകൾ ഉണ്ടെന്ന ഐ. ജി. യുടെ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ അവരെ കണ്ടെത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തുനടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

(എ) ഉണ്ട്.

(ബി) ജയിൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് നിയോഗിച്ച സ്പെഷ്യൽ സ്ക്വാഡിന്റെ മിന്നൽ പരിശോധന ആരോപണ വിധേയമായ എല്ലാ ജയിലുകളിലും വ്യാപിപ്പിക്കുവാൻ തീരുമാനിച്ചു. തിരുവനന്തപുരം സെൻട്രൽ ജയിലിൽ ചുറ്റുമതിലിനുചുറ്റും നിരീക്ഷണം നടത്തുവാൻ പോലീസിനെ ഏർപ്പെടുത്തുവാനും, രാത്രിയും, പകലും പോലീസ് പട്രോളിംഗ് നടത്തുവാനും തീരുമാനിച്ചു. വകുപ്പ് മേധാവിയുടെ നേരിട്ടു നിയന്ത്രണത്തിലുള്ള പരാതിപ്പെട്ടികൾ ആദ്യഘട്ടമെന്ന നിലയിൽ തിരുവനന്തപുരം, വിയ്യൂർ സെൻട്രൽ ജയിലുകളിൽ സ്ഥാപിച്ചു. ഇതുവഴി തടവുകാർക്ക് ജയിലിലെ ക്രമക്കേടുകളെക്കുറിച്ചും, ഉദ്യോഗസ്ഥരുടെ അഴിമതികളെക്കുറിച്ചും ജയിൽ ഡി. ജി. പി. യെ നേരിട്ടു വിവരങ്ങൾ ധരിപ്പിക്കുവാൻ കഴിയും.

നിരന്തരമായ ആരോപണങ്ങളുടെ അടിസ്ഥാനത്തിൽ കുറ്റക്കാരായികണ്ട ജയിൽ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുകയും, സ്ഥലംമാറ്റിനിയമിക്കുകയും ചെയ്തു.

ക്രമക്കേടുകൾ നടക്കുന്നതായി ആരോപണം ഉയർന്ന ജയിൽ സ്ഥാപനങ്ങളിൽ വകുപ്പുമേധാവി മിന്നൽ പരിശോധനകൾ നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ക്രിമിനൽ സ്വഭാവമുള്ള ഉദ്യോഗസ്ഥരുടെ ഒത്താശയോടെ ലഹരി വസ്തുക്കൾ ജയിലനകത്തേക്ക് കടത്തുന്നതായി ആരോപണമുയർന്ന ജയിൽ സ്ഥാപനങ്ങളെ കൂടുതൽ നിരീക്ഷിക്കുവാൻ പോലീസിലെ രഹസ്യ വിഭാഗത്തോട് ആവശ്യപ്പെട്ടു.

വിവിധ ജയിലുകളിൽ മിന്നൽ പരിശോധനകൾ നടത്തുവാൻ റിജിലൻസ് വകുപ്പിനോടാവശ്യപ്പെട്ടതിൻ പ്രകാരം മിന്നൽ പരിശോധനകൾ നടത്തുകയും ക്രമക്കേടുകൾ കണ്ടെത്തുകയും ഉണ്ടായിട്ടുണ്ട്.

ജീവനക്കാരുടെ ഇടയിലെ കുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടപ്പോൾതന്നെ സത്യസന്ധരും കർമ്മ ധീരരുമായ ഉദ്യോഗസ്ഥരെകൊണ്ട് വകുപ്പുതല അന്വേഷണം നടത്തി കർശനമായ ശിക്ഷാ നടപടികൾ സ്വീകരിച്ചു വരുന്നു.

വിദേശരാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന മലയാളികളുടെ എണ്ണം

103. [103] ശ്രീ. മത്തായിചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശരാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന മലയാളികളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) ഇവരിൽ മതിയായ യാത്രാ രേഖകളില്ലാതെ കഴിയുന്നവരെത്ര എന്നും മറ്റ് കേസ്സുകളിൽപ്പെട്ടു കഴിയുന്നവരെത്രയെന്നും അറിയിക്കുമോ;

(സി) വിദേശരാജ്യങ്ങളിലെ ജയിലിൽ കഴിയുന്നവരുടെ മോചനത്തിനുവേണ്ടി സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഡി) ഇതിനകം എത്രപേരെ മോചിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി) വിദേശരാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന ഇന്ത്യക്കാരുടെ സംസ്ഥാനം തിരിച്ചുള്ള കണക്ക് ഇന്ത്യൻ എംബസികളിൽ ലഭ്യമല്ലാത്തതിനാൽ, ജയിലുകളിൽ എത്ര മലയാളികളുണ്ടെന്നു പറയാനാവില്ല.

(സി, ഡി) വിദേശ രാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്നവരുടെ കേസ്സുകൾ ശ്രദ്ധയിൽപ്പെടുമ്പോൾ അതത് രാജ്യങ്ങളിലെ ഇന്ത്യൻ നയതന്ത്ര കാര്യാലയവുമായി ഫാക്സ് മുഖേനയും ഫോണിലും ബന്ധപ്പെട്ട് മലയാളികളുടെ മോചനത്തിനായി നടപടി സ്വീകരിക്കുന്നുണ്ട്. ചില പ്രത്യേക കേസ്സുകളിൽ ദയാഹർജികൾ ബന്ധപ്പെട്ട അധികാരികൾക്ക് സമർപ്പിക്കുന്നതിനും, പ്രവാസികളുടെ മോചനത്തിനായി പണം സമാഹരിക്കുന്നതിനും നോർക്ക നടപടി എടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly